കില വാർത്താപത്രിക

VOLUME - 7
ISSUE - 4
APRIL 2014

kila@kilaonline.org | NEWSLETTER OF KERALA INSTITUTE OF LOCAL ADMINISTRATION (KILA) | www.kilaonline.org

കിലയിൽ നിർമ്മാണത്തിലിരിക്കുന്ന ഗാന്ധി ഗ്രാമസ്വരാജ് ആർട്ട് ഗാലറിയുടെ നിർമ്മാണപ്രവർത്തനങ്ങൾ വിലയിരുത്താൻ എത്തിയ മന്ത്രി ഡോ.**എം. കെ. മുനീർ** ഗാലറിയിലെ ചിത്രങ്ങൾ നോക്കി കാണുന്നു

കിലയിലെ ആർട്ട് ഗാലറിയുടെ നിർമ്മാണം അന്തിമഘട്ടത്തിൽ

കില കാമ്പസിലെ നിർദ്ദിഷ്ട ഗാന്ധി ഗ്രാമസ്വരാജ് ആർട്ട് ഗാലറിയുടെ നിർമ്മാണം അന്തിമ ഘട്ടത്തിൽ. രാജ്യത്തെ ഗ്രാമങ്ങളെക്കുറിച്ചും ഗ്രാമീണരുടെ പുരോഗതിയെക്കുറിച്ചും ഗാന്ധിജി സ്വപ്നം കണ്ട ആശയങ്ങൾക്കും സങ്കൽപ്പങ്ങൾക്കും ജീവൻ പകരാനാണ് ശ്രമം. പ്രശസ്ത ചിത്രകാരൻ എബി എൻ ജോസഫിന്റെ നേതൃത്വത്തിലാണ് ആർട്ട് ഗാലറിയുടെ പ്രവർത്തനങ്ങൾ നടക്കുന്നത്. 25 ൽ പരം വലിയ ചിത്രങ്ങളും 5 ചെറിയ ചിത്രങ്ങളുമടങ്ങുന്നതാണ് ആർട്ട് ഗാലറി. ഗാലറിയുടെ പ്രവർത്തന പുരോഗതി പഞ്ചായത്ത് സാമൂഹ്യനീതിവകുപ്പു മന്ത്രി ഡോ.എം.കെ മുനീർ നേരിട്ടെത്തി വിലയിരുത്തി. മന്ത്രി മുനീറും കില ഡയറക്ടറും ദക്ഷിണാഫ്രിക്കയിൽ നടത്തിയ സന്ദർശനത്തിനിടയിൽ കാണാനിടയായ ഗാന്ധി പ്രതിമകളും ചിത്രങ്ങളുമാണ് ഇത്തരമൊരു ഗാലറിക്ക് പ്രചോദനമെന്ന് പറയുന്നു. ആർട്ട് ഗാലറിയോടനുബന്ധിച്ച് സിനിമ കാണുന്നതിനു ചെറിയ തീയേറ്ററും ഒരുക്കിയിട്ടുണ്ട്. രണ്ടുമാസത്തിനകം നിർമ്മാണം പൂർത്തീകരിക്കാൻ കഴിയുമെന്ന് സംഘാടകർ കരുതുന്നു. കിലയിൽ പരിശീലനത്തിനെത്തുന്ന ജനപ്രതിനിധികൾക്കും പൊതുജനങ്ങൾക്കും ഗാലറി സന്ദർശിക്കുന്നതിനു സ്ഥിരം സംവിധാനമൊരുക്കുമെന്ന് കില ഡയറക്ടർ അറിയിച്ചു.

സാർക്ക് രാഷ്ട്രങ്ങൾ കേരള മാതൃക സ്വീകരിക്കുന്നു

അധികാരവികേന്ദ്രീകരണം ശക്തിപ്പെടുത്തുന്നതിന് കേരളത്തിന്റെ മാതൃക സ്വീകരിക്കാൻ സാർക്ക് രാഷ്ട്രങ്ങൾ തീരുമാനച്ചു. ഇതിനായി കില തയ്യാറാക്കിയ ഇരുപതിന പരിപാടി കാട്മണ്ഡുവിൽ സമാപിച്ച ദ്വിദിന ശിൽപ്പശാല അംഗീകരിച്ചതായി കില ഡയറക്ടർ ഡോ.പി.പി. ബാലൻ അറിയിച്ചു. കില ഡയറ്കടറാണ് ഇരുപതിന പരിപാടി ശിൽപ്പശാലയിൽ അവതരിപ്പിച്ചത്. രാജ്യാന്തര സന്നദ്ധ സംഘടനയായ പ്രാക്ടിക്കൽ ഏക്ഷന്റെ സഹകരണത്തോടെയാണ് പരിപാടി തയ്യാറാക്കിയത്.

മന്ത്രിമാരും നയതന്ത്രപ്രതിനിധികളും ഉന്നത ഉദ്യോഗസ്ഥരും സംബന്ധിച്ച ശിൽപ്പശാലിയിൽ നേപ്പാൾ,ശ്രീലങ്ക, ബംഗ്ലാദേശ്, പാക്കിസ്ഥാൻ, ഇന്ത്യ എന്നിവിടങ്ങളിൽനിന്നുള്ള പ്രതിനിധികളും സംബന്ധിച്ചു. നേപ്പാൾ ഉപപ്രധാനമന്ത്രി പ്രകാശ്സിംഗ്, വിദേശകാര്യസെക്രട്ടറി ഷാന്ത ബി ശ്രേഷ്ഠ, സാർക്ക് സെക്രട്ടേറിയറ്റ് ഡയറക്ടർ രബീന്ദ്ര കേസിംഗ്, പ്രാക്ടിക്കൽ ഏക്ഷൻ ഡയറക്ടർ ഡോ.വൈശാഖഷിഡലിംഗം തുടങ്ങിയ പ്രമുഖർ ശിൽപ്പശാലയിൽ പങ്കെടുത്തവരിൽ പെടും.

ഇതിന്റെ തുടർപ്രവർത്തനങ്ങൾക്കായി ശ്രീലങ്ക, ഇന്ത്യ, ബംഗ്ലാദേശ്, എന്നീ രാഷ്ട്രങ്ങളിൽ മേഖലാശിൽപ്പശാലകൾ സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടെന്ന് കില ഡയറക്ടർ പറഞ്ഞു.

സ്ഥലവും വീടും വാങ്ങുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

കേരളത്തിൽ വ്യാപകമായി ഭൂമികച്ചവടം ഒരു ബിസിനസ്സായി വ്യാപിച്ചിരിക്കുന്ന ഈ കാലഘട്ടത്തിൽ കെട്ടിടം പണിയുന്നതിന് ഭൂമി വങ്ങുന്നവരും കെട്ടിടമോ ഫ്ളാറ്റുകളോ വാങ്ങുന്നവരും പല രീതിയിലും കബളിപ്പിക്കപ്പെടുന്നതായി സംസ്ഥാനത്തുടനീളം ധാരാളം പരാതികൾ ഉണ്ടാകുന്നുണ്ട്. കെട്ടിടനിർമ്മാണ ചട്ടങ്ങൾ പാലിക്കാതെ പണിത കെട്ടിടങ്ങൾ, ടൗൺ പ്ലാനിംഗ് സ്കീമുകൾ, ഹെറിറ്റേജ് സോൺ, തീരദേശ റിപാലന നിയമം എന്നിവ പാലിക്കാത്ത കെട്ടിടങ്ങൾ, സ്ഥലങ്ങൾ, സർക്കാർ അക്വിസിഷന് വിധേയമാക്കിയിട്ടുള്ള ഭൂമികൾ എന്നിവ വാങ്ങി കബളിപ്പിക്കപ്പെട്ടവരാണ് ഇത്തരം പരാതിക്കാർ. ആയതിനാൽ പൊതുജനങ്ങൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ വ്യക്തമാക്കിക്കൊണ്ട് തദ്ദേശസ്വയംഭരണവകുപ്പ് 27.11.2013 ൽ 64804/ആർ.എ. 1/2013/ തസ്വഭവ നമ്പരായി ഒരു സർക്കുലർ ഇറക്കിയിട്ടുണ്ട്. അത് ശ്രദ്ധിച്ചാൽ പരാതികൾ കുറയ്ക്കാൻ കഴിയും.

കെട്ടിട നിർമ്മാണത്തിന് പ്ലോട്ടുകൾ വാങ്ങുമ്പോൾ ശ്രദ്ധിക്കേണ്ടവ

1. വാങ്ങുന്ന സ്ഥലം കെട്ടിടം നിർമ്മിക്കാൻ അനുയോജ്യമാണോ എന്ന് കെട്ടിടനിർമ്മാണ ചട്ടപ്രകാരം രജിസ്റ്റർ ചെയ്ത ലൈസൻസികൾ മുഖേന ഉറപ്പുവരുത്തണം. സംശയമുണ്ടെങ്കിൽ ടൗൺ പ്ലാനറെ സമീപിക്കാം.
2. പ്രസ്തുത സ്ഥലം ടൗൺ പ്ലാനിങ്ങ് സ്കീമിൽ ഉൾപ്പെട്ടതാണോ എന്ന് തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ അന്വേഷിക്കുക.
3. അംഗീകൃതപദ്ധതികൾ പ്രകാരം റോഡ് വീതി കൂട്ടുന്നതിന് സ്ഥലം വിട്ടുനൽകേണ്ടതുണ്ടോ? ടൗൺ പ്ലാനിംഗ് സ്കീമിലോ മറ്റേതെങ്കിലും സ്കീമിലോ പറഞ്ഞിട്ടുള്ള പക്ഷം അത് എത്ര എന്ന് തദ്ദേശസ്വയംഭരണ സ്ഥാപനത്തിലോ ടൗൺപ്ലാനറോടോ അന്വേഷിക്കണം.
4. റോഡ് വീതി കൂട്ടുന്നതിനോ വികസിപ്പിക്കുന്നതിനോ ആവശ്യമായ സ്ഥലം സൗജന്യമായി നൽകുകയാണെങ്കിൽ ആയതിന് രേഖാമൂലം തെളിവ് വാങ്ങേണ്ടതും അപ്രകാരം സൗജന്യമായി നൽകുന്ന സ്ഥലത്തിന് കെട്ടിടനിർമ്മാണ ചട്ടപ്രകാരമുള്ള പ്രത്യേക ആനുകൂല്യം ബിൽഡിംഗ് പെർമിറ്റ് വാങ്ങുന്ന സമയത്ത് ലഭ്യമാക്കാവുന്നതാണ്.
5. സംരക്ഷിത സ്മാരകങ്ങൾ, തീരദേശ പ്രദേശങ്ങൾ തുടങ്ങിയവയ്ക്ക് ബാധകമാക്കിയിട്ടുള്ള ഏതെങ്കിലും നിയന്ത്രണങ്ങൾ പ്രസ്തുത സ്ഥലത്തിന് ബാധകമാണോ എന്നും പരിശോധിക്കണം. ഇക്കാര്യം തദ്ദേശ സ്ഥാപനങ്ങളിൽ നിന്നോ ശാസ്ത്ര -സാങ്കേതിക- പരിസ്ഥിതി വകുപ്പിൽ നിന്നോ അറിയാവുന്നതാണ്.
6. വിമാനത്താവളം, റെയിൽവേ ബൗണ്ടറി, സൈനിക കേന്ദ്രങ്ങൾ, പുരാവസ്തുസംരക്ഷിത സ്മാരകങ്ങൾ തുടങ്ങിയവയ്ക്ക് സമീപമുള്ള സ്ഥലമാണെങ്കിൽ പ്ലോട്ട് വാങ്ങുന്നതിന് മുമ്പ് ബന്ധപ്പെട്ട വകുപ്പിൽ നിന്നും എൻ.ഒ.സി വാങ്ങണം.
7. ഹൈ-ടെൻഷൻ വൈദ്യുതി ലൈനുകൾക്ക് സമീപമുള്ള പ്ലോട്ടുകൾ കഴിവതും ഒഴിവാക്കുക.
8. ഭൂവിഭജനം നടന്നിട്ടുള്ള പ്ലോട്ടുകൾ വാങ്ങുന്നതിന് മുൻപ് അവയ്ക്ക് ജില്ലാ ടൗൺ പ്ലാനറുടെയോ ചീഫ് ടൗൺ പ്ലാനറുടെയോ ലേ-ഔട്ട് അംഗീകാരം ഉണ്ടോ എന്നും ഉറപ്പു വരുത്തണം.

കെട്ടിടങ്ങൾ-ഫ്ളാറ്റുകൾ-കടമുറികൾ വാങ്ങുമ്പോൾ ശ്രദ്ധിക്കേണ്ടത്

1. വാങ്ങുവാൻ ഉദ്ദേശിക്കുന്ന കെട്ടിടം നിയമപ്രകാരം തദ്ദേശസ്ഥാപനത്തിൽനിന്നും പെർമിറ്റ് വാങ്ങി പണിതിട്ടുള്ളതാണോ എന്ന് ഉറപ്പ് വരുത്തുക. അല്ലെങ്കിൽ നിയമാനുസൃതം കെട്ടിട നമ്പർ നൽകിയിട്ടുള്ളതാണോ എന്നും പരിശോധിക്കേണ്ടതാണ്.
2. കെട്ടിടം നേരിട്ട് കണ്ട് ബോദ്ധ്യപ്പെട്ടതിനുശേഷം വാങ്ങുക. പരസ്യങ്ങൾ മോഡലുകൾ എന്നിവ കണ്ട് വാങ്ങരുത്
3. രേഖകൾ കണ്ട് ബോദ്ധ്യപ്പെട്ടശേഷം മാത്രമേ അഡ്വാൻസ്, കരാർ ഉടമ്പടി രജിസ്ട്രേഷൻ എന്നിവ നടത്താൻ പാടുള്ളൂ.
4. പ്ലോട്ട് വിഭജനം നടത്തിയിട്ടുള്ള സ്ഥലത്തെ കെട്ടിടങ്ങൾ വാങ്ങുമ്പോൾ അതിന്റെ ലേ ഔട്ടിന് ടൗൺ പ്ലാനറുടെ അംഗീകാരം ലഭിച്ചിട്ടുണ്ടോ എന്ന് ഉറപ്പാക്കണം.
5. ഫ്ളാറ്റ്- കെട്ടിടം എന്നിവ വാങ്ങുമ്പോൾ റോഡിൽ നിന്നും ആവശ്യമായ വീതി, കാർ പാർക്കിംഗ് ഏരിയ, വെള്ളം, വൈദ്യുതി, മാലിന്യനിർമ്മാർജ്ജനം എന്നിവയ്ക്കുള്ള ക്രമീകരണങ്ങൾ ഉണ്ടോ എന്ന് ഉറപ്പാക്കുക
6. ഫ്ളാറ്റുകളുടെ സ്ട്രക്ച്ചറൽ ഡിസൈൻ അംഗീകരിച്ചിട്ടുണ്ടോ എന്ന് ഉറപ്പാക്കുക.
7. സർക്കാർ/തദ്ദേശസ്ഥാപനം എന്നിവയിൽനിന്നും ഏതെങ്കിലും നടപടി സ്വീകരിച്ചിട്ടുള്ള കെട്ടിടമാണോ എന്ന് തദ്ദേശസ്ഥാപനങ്ങളിൽ അന്വേഷിക്കുക.
8. വിമാനത്താവളം, റെയിൽവേ ലൈൻ, സൈനിക കേന്ദ്രങ്ങൾ, പുരാവസ്തു സംരക്ഷിത കേന്ദ്രങ്ങൾ തുടങ്ങിയ പ്രദേശങ്ങളിലെ നിയന്ത്രണം പാലിച്ചതാണോ എന്ന് ഉറപ്പ് വരുത്തുക
9. ഹൈ-ടെൻഷൻ ലൈനിനു സമീപമുള്ള കെട്ടിടങ്ങൾ ദൂരപരിധി പാലിച്ചതാണോ എന്ന് ഉറപ്പുവരുത്തുക.
10. ടൗൺ പ്ലാനിംഗ് സ്കീമുകൾ, ഹെറിറ്റേജ് മേഖല എന്നിവയെ കുറിച്ച് സംശയങ്ങൾ ഉള്ള പക്ഷം തദ്ദേശസ്ഥാപനങ്ങളിലോ ടൗൺപ്ലാനറുടെ ഹെൽപ്പ് ഡെസ്കിലോ അന്വേഷിക്കുക.

വി.ജി. ശശിധരൻ തത്തപ്പിള്ളി
കില, ഹെൽപ്പ് ഡെസ്ക്

കാട്മണ്ഡുവിൽ സമാപിച്ച സാർക്ക് രാഷ്ട്രങ്ങളുടെ ദ്വിദിന ശിൽപ്പശാലയിൽ അധികാരവികേന്ദ്രീകരണം ശക്തിപ്പെടുത്തുന്നതിനുള്ള ഇരുപതിന പരിപാടി കില ഡയറക്ടർ ഡോ.**പി.പി. ബാലൻ** അവതരിപ്പിക്കുന്നു

തെലുങ്കാനയിലെ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്ക് കിലയിൽ സംഘടിപ്പിച്ച പരിശീലനപരിപാടി

തെലുങ്കാനയിലെ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ കിലയിൽ

അധികാരവികേന്ദ്രീകരണത്തെക്കുറിച്ചും വികേന്ദ്രീകൃതാസൂത്രണത്തെക്കുറിച്ചും പഠിക്കുന്നതിന് തെലുങ്കാനയിൽനിന്നുള്ള ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരുടെ രണ്ടാമത്തെ ബാച്ച് കിലയിലെത്തി. വാറങ്കൽ, കരിംനഗർ, അലിദാബാദ്, ഖമ്മം ജില്ലകളിൽനിന്നുള്ളവരാണ് രണ്ടാംബാച്ചിലുള്ളത്.ഒമ്പതു വനിതകളുള്ള സംഘത്തിൽ നാലു ഉദ്യോഗസ്ഥന്മാരുമുണ്ടായിരുന്നു. ഇക്കുറി പരിശീലനത്തിനെത്തിയ 27 പേരിൽ 14 പേരും ബിരുദാനന്തര ബിരുദധാരികളാണ്. ഡോക്ടറേറ്റ്. എം.ബി.എ, എം.എസ്.സി കമ്പ്യൂട്ടർ സയൻസ്, ബി.ടെക്ക് തുടങ്ങിയ ബിരുദാനന്തരബിരുദമുള്ളവർ. പഞ്ചായത്ത് പ്രസിഡന്റുമാരെ വോട്ടർമാർ നേരിട്ടാണ് തെരഞ്ഞെടുക്കുന്നത്. മത്സരം രാഷ്ട്രീയാടിസ്ഥാനത്തിലല്ലെങ്കിലും തെരഞ്ഞെടുക്കപ്പെട്ട എല്ലാവർക്കും വ്യക്തമായ രാഷ്ട്രീയമുണ്ട്. തെലുങ്കാന രാഷ്ട്രീയ സമിതിയെ അനുകൂലിക്കുന്നവരാണ് ബഹുഭൂരിപക്ഷവും. ഖമ്മം ജില്ലയിലെ പെദനല്ലബല്ലിയിൽനിന്നുള്ള 23 വയസ്സുകാരനായ സമീറാണ് ഏറ്റവും പ്രായം കുറഞ്ഞ പ്രസിഡന്റ്.

കിലയിൽ ഇവർക്കുവേണ്ടി സംഘടിപ്പിച്ച നാലുദിവസത്തെ പരിശീലനപരിപാടി കില ഡയറക്ടർ ഡോ. പി.പി. ബാലൻ ഉദ്ഘാടനം ചെയ്തു. കോഴ്സ് ഡയറക്ടർ ഡോ. പീറ്റർ എം.രാജ്, കോർഡിനേറ്റർ പി.വി.രാമകൃഷ്ണൻ എന്നിവർ സംസാരിച്ചു. ഡോ. സണ്ണി ജോർജ്, ഡോ. പീറ്റർ എം. രാജ്, പി.വി. രാമകൃഷ്ണൻ കുടുംബശ്രിയിലെ ബിന്ദു എന്നിവർ വിവിധ വിഷയങ്ങളിൽ ക്ലാസ്സെടുത്തു.

അഞ്ചു ജില്ലകളിൽനിന്നുള്ള 48 ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരുടെ ആദ്യ ബാച്ച് കഴിഞ്ഞ മാസം കില സന്ദർശിച്ചിരുന്നു. പതിനേഴു വനിതാജനപ്രതിനിധികളുൾപ്പെടെയുള്ള സംഘത്തിൽ നാലു ജില്ലകളിലെ പരിശീലനമേധാവികളുമുണ്ടായിരുന്നു. നൽഗൊണ്ട, നിസാമാബാദ്, മേഡക്, മെഹബൂബ് നഗർ, രംഗറെഡ്ഡി ജില്ലകളിൽ നിന്നുള്ളവരാണ് ആദ്യസംഘത്തിലുണ്ടായിരുന്നത്.

കേരളത്തിലെ അധികാരവികേന്ദ്രീകരണം, വികേന്ദ്രീകൃതാസൂത്രണം, ഗ്രാമപഞ്ചായത്തുകളുടെ അധികാരങ്ങൾ, ചുമതലകൾ എന്നിവയെക്കുറിച്ച് വിദഗ്ദ്ധർ ക്ലാസ്സെടുത്തു. മാള, കൊണ്ടാഴി,മതിലകം, എടവിലങ്ങ് ഗ്രാമപഞ്ചായത്തുകൾ സന്ദർശിച്ച് അവിടങ്ങളിലെ വികസനപ്രവർത്തനങ്ങൾ സംഘം നേരിൽ കണ്ട് വിലയിരുത്തി.

ഹൈദ്രാബാദിലേക്കൊരു പഠനയാത്ര

കേന്ദ്ര പഞ്ചായത്ത്‌രാജ് മന്ത്രാലയത്തിന്റെ ബി.ആർ.ജി.എഫ് പദ്ധതിയിൽ കേരളത്തിലെ രണ്ട് ജില്ലകളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. (വയനാട്, പാലക്കാട്) ഈ പദ്ധതിയനുസരിച്ച് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്കും മറ്റ് ഉദ്യോഗസ്ഥർക്കും ഘടകസ്ഥാപനങ്ങളിലെ നിർവ്വഹണ ഉദ്യോഗസ്ഥർക്കും കാര്യശേഷി വികസിപ്പിക്കുന്നതിനുള്ള പരിശീലനം നൽകുന്നതിനുള്ള ചുമതല കിലയ്ക്കാണ്.

ഈ വർഷത്തെ പദ്ധതി പ്രകാരം രണ്ട് ജില്ലകളിലെ ജനപ്രതിനിധികൾക്കായി ബി. ആർ.ജി.എഫ് ഒരു പഠനസന്ദർശനപരിപാടി ഹൈദ്രാബാദിലെ എൻ. ഐ.ആർ.ഡി യിലേക്കു സംഘടിപ്പിക്കുകയുണ്ടായി. കിലയുടെ നേതൃത്വത്തിലായിരുന്നു സന്ദർശനം. 2014 മാർച്ച് മൂന്നുമുതൽ അഞ്ചുവരെയായിരുന്നു യാത്ര. ജനപ്രതിനിധികളുടെ കാര്യപ്രാപ്തി വികസിപ്പിക്കുന്നതിനും കാര്യങ്ങൾ നേരിട്ടു കണ്ടുപഠിക്കുന്നതിനും വേണ്ടിയായിരുന്നു ഈ പഠനസന്ദർശനം.

മാർച്ച് 1-ാം തീയതി ഒരു രാത്രി മുഴുവൻ നീണ്ട യാത്രയക്കുശേഷം 9.30 ന് ഹൈദ്രാബാദ് പട്ടണത്തിന്റെ പുറത്ത് ഔട്ടർ റിംഗ് റോഡിൽ, ഷംസാബാദിലെത്തി. എൻ. ഐ.ആർ.ഡിയുടെ ബസ്സ് ഞങ്ങളെ കാത്ത് അവിടെ ഉണ്ടായിരുന്നു. അവിടെ നിന്ന് 45 മിനിട്ട് യാത്രക്കുശേഷം രാജേന്ദ്ര നഗറിലുള്ള എൻ.ഐ.ആർ.ഡി കാമ്പസ്സിൽ എത്തി. എല്ലാവർക്കും ഹിമാചൽ ബ്ലോക്കിലെ പുതുതായി പണിയിപ്പിച്ച അരാവലി കെട്ടിടസമുച്ചയത്തിലാണ് താമസസൗകര്യം ഒരുക്കിയിരുന്നത്. പ്രഭാതഭക്ഷണത്തിനുശേഷം എൻ.ഐ.ആർ.ഡി കാമ്പസ് സന്ദർശനം നടത്തുകയും ഉച്ചയൂണിനുശേഷം ഹൈദ്രബാദ് സിറ്റി കാണുന്നതിനായി പുറപ്പെട്ടു. ചരിത്രപ്രസിദ്ധമായ ചാർമിനാർ, അതിനോട് ചേർന്നുള്ള ജുമാമസ്ജിദ് എന്നിവ സന്ദർശിച്ചു. മുൻകൂട്ടിയുള്ള ധാരണപ്രകാരം എല്ലാ ജനപ്രതിനിധികളും പറഞ്ഞ സ്ഥലത്ത് 7 മണിക്ക് എത്തിച്ചേരുകയും തുടർന്ന് തിരിച്ച് രാജേന്ദ്രനഗറിലുള്ള എൻ.ഐ.ആർ.ഡി കാമ്പസിൽ എത്തുകയും ചെയ്തു.

ദേശീയ സർക്കാരിന്റെ ഗ്രാമമന്ത്രാലയ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനമാണ് എൻ. ഐ.ആർ.ഡി (നാഷ്ണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡവലപ്പ്മെന്റ്) ഗ്രാമ മന്ത്രാലയത്തിന്റെ പദ്ധതികൾ രൂപീകരിക്കുന്നതിലും, അതിനോട് അനുബന്ധിച്ച് പഠനഗവേഷണം നടത്തുകയും പരിശീലനങ്ങൾ സംഘടിപ്പിക്കുകയും ചെയ്യുന്ന ഒരു സ്ഥാപനമാണ് എൻ.ഐ.ആർ.ഡി. നിരവധി ബിരുദാനന്തര കോഴ്സുകൾ എൻ.ഐ.ആർ.ഡി നടത്തിവരുന്നു.

കിലയുടെ ശുപാർശ പ്രകാരമാണ് ജനപ്രതിനിധികൾക്കായി പഠനസന്ദർശന പരിപാടി എൻ.ഐ.ആർ.ഡി സംഘടിപ്പിച്ചത്. സെന്റർ ഫോർ പഞ്ചായത്ത് രാജിന്റെ മുഖ്യ മേൽനോട്ടത്തിലാണ് പരിപാടി ആസൂത്രണം ചെയ്തത്. എൻ.ഐ.ആർ.ഡി യിലെ തന്നെ ഏറ്റവും മുതിർന്ന പ്രൊഫസർ ഡോ. കെ. ജയലക്ഷ്മി ആയിരുന്നു ഈ പ്രവർത്തനത്തിന് ചുക്കാൻ പിടിച്ചത്. ഡോ. വൈ ഭാസ്ക്കർ റാവു, ഡോ. പ്രതുഷ പഡ്നായിക്, ശ്രീ മനീഷ് വിഷ്നോയി (റിസർച്ച് അസിസ്റ്റന്റ്) എന്നിവരും ഈ ടീമിൽ പങ്കാളികളായിരുന്നു.

മാർച്ച് 3-ാം തീയ്യതി രാവിലെ 9.30 ന് കോൺഫറൻസ് ഹാൾ നാലിൽ രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിച്ചു. തുടർന്ന് ഡോ.കെ. ജയലക്ഷ്മി ആമുഖ അവതരണവും തുടർന്ന് എൻ.ഐ.ആർ.ഡി യെ പറ്റിയുള്ള ഒരു വീഡിയോ പ്രദർശനവും. ഹൈദ്രാബാദ് പട്ടണത്തിലുള്ള സെന്റർ ഫോർ ഗുഡ് ഗവേൺസിലേക്കായിരുന്നു അടുത്ത യാത്ര. കൃത്യം 11.38 ന് അവിടെ എത്തുകയും സ്ഥാപനത്തിലെ ഡയറക്ടറും മറ്റ് ഉദ്യോഗസ്ഥരുമായി ചർച്ചനടത്തുകയുമുണ്ടായി. മലയാളിയായ റിസർച്ച് അസിസ്റ്റന്റ് ശ്രീമതി നയനയാണ് ആ സ്ഥാപനത്തെകുറിച്ചും അതിന്റെ പ്രവർത്തന ലക്ഷ്യങ്ങളെ കുറിച്ചും സദ്ഭരണത്തിനായി അവർ നടത്തിയിട്ടുള്ള ഉദ്യമങ്ങളെ കുറിച്ചും വിവരിച്ചത്. ഇത് ഒരു സ്വയംഭരണസ്ഥാപനമാണ്. ഈ സ്ഥാപനം നമ്മുടെ ചാരിറ്റബൾ സൊസൈറ്റി ആക്ട് പോലെ രജിസ്റ്റർ ചെയ്തിട്ടുള്ള ഒരു സ്ഥാപനമാണ്. ജനാഭിപ്രായം തേടികൊണ്ടുള്ള ഒരു രീതിയാണ് ഏത് പദ്ധതി രൂപീകരിക്കുമ്പോഴും ഇവർ അവംലംബിക്കുന്നത്. സ്ഥാപനമേധാവികളായും മറ്റ് ഉദ്യോഗസ്ഥരുമായും ജനപ്രതിനധികൾ അവരുടെ സംശയവും ആശയങ്ങളും പങ്കുവെച്ചു.

എൻ. ഐ. ആർ. ഡി കാമ്പസ്സിൽ തിരിച്ചെത്തിയ ഞങ്ങളെ കാത്തിരുന്നത് ജി.ഐ.എസ് (ജിയോഗ്രഫിക് ഇൻഫോർമേഷൻ സിസ്റ്റം) ഭൗമ വിവര സംവിധാനം പദ്ധതി രൂപീകരണം എന്നിവയെേ കുറിച്ചുള്ള തികച്ചും വ്യത്യസ്തമായൊരു സെഷൻ ആയിരുന്നു. എൻ. ഐ.ആർ.ഡി, (സി-ഗാർഡ്) വിഭാഗം തലവൻ ഡോ. ഹെർവിൻ, ജന്മം കൊണ്ട് കോഴിക്കോട് സ്വദേശിയാണ്. ജി.പി.എസ്, ജി.ഐ.എസ് സംവിധാനത്തെ കുറിച്ചും അത് പദ്ധതി രൂപീകരണവുമായി എങ്ങനെ ബന്ധിപ്പിക്കാം എന്നതിനെക്കുറിച്ചും അദ്ദേഹം വിശദീകരിച്ചു. ഇപ്പോൾ കിലയുമായി ചേർന്ന് അട്ടപ്പാടിയിൽ നടത്തി വരുന്ന സർവ്വേയെ കുറിച്ചും അദ്ദേഹം സംസാരിക്കുകയുണ്ടായി. തുടർന്ന് ഡോ. പ്രസാദ് ജി.ഐ.എസ് ന്റെ സാധ്യതകളെ കുറിച്ചു വിവരിച്ചു. റിമോർട്ട് സെൻസിംങ്ങിന്റെ പ്രാധാന്യത്തെ കുറിച്ചാണ് ഡോ. പനിന്ദ്രകുമാർ സവിവരിച്ചത്. ഡേറ്റ ബേസ്ഡ് പ്ലാനിംഗി (Data Based Planning) ന്റെ സാധ്യതകൾ ഈ സെഷനിലൂടെ ജനപ്രതിനിധികൾക്ക് പകർന്നുകൊടുക്കുവാൻ സാധിച്ചു. വൈകീട്ട് ഹൈദ്രാബാദ് നഗരസന്ദർശനത്തിനും ഷോപ്പിഗിനുമായി പരിശീലനാർത്ഥികളും ഞങ്ങളും പോയി.

മാർച്ച് 4 ന് അതിരാവിലെ തന്നെ പരിശീലനാർത്ഥികൾ യാത്രക്ക് തയ്യാറായി. രാവിലെ പ്രഭാതഭക്ഷണം നേരത്തെ ക്രമീകരിച്ച് തരുകയും തുടർന്ന് 8 മണിയോടുകൂടി കർണ്ണാടകത്തിലെ ബിദാർ ജില്ല സന്ദർശനത്തിനായി പോകുകയും ചെയ്തു. റിസർച്ച് അസിസ്റ്റന്റ് മനീഷ് വിഷ്നോയിയാണ് ഞങ്ങളോടൊപ്പമുണ്ടായിരുന്നത്. റോഡിന്റെ ഇരുവശങ്ങളിലും കണ്ണെത്താ ദൂരത്ത് തരിശുഭൂമി മാത്രമെ കാണുവാൻ സാധിച്ചുള്ളൂ. ഇടയ്ക്ക് ചെറിയ ഒരു ജംഗ്ഷൻ. അങ്ങനെ യാത്ര പ്രധാന റോഡിൽനിന്നും ഗ്രാമീണമേഖലയിലെ ചെറുറോഡിലേക്ക് വഴിമാറി. ഉച്ചക്ക് 2.45 ന് കർണ്ണാടക സംസ്ഥാനത്തെ (മൂന്ന് കിലോ മീറ്ററുകൾക്കപ്പുറം മഹാരാഷ്ട്ര അതിർത്തിക്ക് സമീപം) ബിദാർ ജില്ലയിലെ ബാർക്കി താലൂക്കിലെ വജ്ഞാർക്കേഡ് ഗ്രാമപഞ്ചായത്തിൽ എത്തിച്ചേർന്നു. അവിടെ ഞങ്ങളെ സ്വീകരിക്കുവാൻ ജനപ്രതിനിധികളും ഉദ്യോഗസ്ഥരും പുതിയ തഹസിൽദാരും ജനങ്ങളും എത്തിയിരിന്നു. അവരുടെ തനത് രീതിയിലുള്ള സ്വീകരണം. എല്ലാ ജനപ്രതിനധികളെയും ഹാരമണിയിച്ച് സ്വീകരിച്ചു.

ഗ്രാമപഞ്ചായത്തിന്റെ നടത്തിപ്പിനെക്കുറിച്ച്, പ്രസിഡന്റും മറ്റ് ജനപ്രതിനിധികളും സംസാരിച്ചു. തിരിച്ച് ബിദാർ ജില്ല ആസ്ഥാനത്ത് എത്തുമ്പോഴെക്കും വൈകീട്ട് 4.45 മണി ആയിരുന്നു. അവിടെ ഡിസ്ട്രിക്ട് സെന്റർ കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ ഗ്രാമ വികസന അക്കാദമി (Rural Development Academy) യിൽ ഉച്ചഭക്ഷണം. അതിനുശേഷം ആ സ്ഥാപനത്തിന്റെ ഡയറക്ടർ സ്ഥാപനത്തെക്കുറിച്ച് ലഘു വിവരണം നടത്തി. 14 ബോർഡ് അംഗങ്ങൾ അടങ്ങുന്ന ഒരു പരിശീലന സ്ഥാപനമാണ്. വളരെ പിന്നാക്കം നിൽക്കുന്ന (ബി.ആർ.ജി.എഫ്) ജില്ലയാണ് ബിദാർ. ചരിത്രപ്രസിദ്ധമായ നൈസാം ഭരണകാലത്തിലെ 600 വർഷം പഴക്കമുള്ള ചരിത്രസ്മാരകങ്ങളും കോട്ടകളും അവിടെ കാണാനായി. വ്യത്യസ്തരായ ജനങ്ങൾ അധിവസിക്കുന്ന ഒരു ജില്ലയാണ് ബിദാർ. എന്നാൽ മലയാളികളെ മാത്രം ആ ജില്ലയിൽ കാണാനില്ല എന്നത് ഒരു വസ്തുതയാണ്. പത്തുവർഷം മുമ്പ് വളരെ പിന്നാക്കം നിൽക്കുന്ന, ദാരിദ്ര്യം നിറഞ്ഞ ഒരു ആവാസകേന്ദ്രമായിരുന്നു ബിദാർ. ഏകദേശം 98% പേരും നിരക്ഷരരായിരുന്നു. എന്നാൽ ഈ സ്ഥാപനത്തിന്റെ ഇടപെടലോടുകൂടി അവർ സെൽഫ് ഹെൽപ്പിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചു. ഇപ്പോൾ പിന്നാക്ക ജില്ലയാണെങ്കിലും താരതമ്യേന എല്ലാവരും നല്ല സാമ്പത്തിക ഭദ്രത കൈവരിച്ചിരിക്കുന്നു. ബാങ്ക് ഉദ്യോഗസ്ഥർക്കും സെൽഫ് ഹെൽപ്പിംഗ് ഗ്രൂപ്പുകൾക്കും ഈ സ്ഥാപനം ഹ്രസ്വ വൈദഗ്ധ പരിശീലനം നടത്താറുണ്ട്. ഇപ്പോൾ ഈ ജില്ലയിൽ 20000 എസ്.എച്ച്.ജി (സെൽഫ് ഹെൽപ്പിംഗ് ഗ്രൂപ്പുകൾ) ഉണ്ട്. ഈ ഗ്രൂപ്പുകൾ പ്രധാനമായി കൃഷിയാണ് ചെയ്യാറുള്ളത്. ഇപ്പോൾ ഇവർ ഏക്കറുകണക്കിന് കൃഷിഭൂമി പാട്ടത്തിന് എടുത്ത് കൃഷി ആരംഭിക്കുകയും അതിൽനിന്നും വരുമാനം കണ്ടെത്തുകയും ചെയ്യുന്നു. സ്ത്രീകൾക്ക് വേണ്ടിയാണ് പ്രധാനമായും ഈ പദ്ധതി ആവിഷ്ക്കരിച്ചത്. ഇതോടൊപ്പം വിദ്യാഭ്യാസമേഖലയും ഉണർന്നു. ഇപ്പോൾ സ്വകാര്യ സ്കൂളുകൾ കൂടിവരുന്നതായി കാണാം. ഏകദേശം 67 കോടി രൂപയോളം ഈ എസ്.എച്ച്.ജി ഗ്രൂപ്പിന്റെതായി നിക്ഷേപം ഉള്ളതായി സാക്ഷ്യപ്പെടുത്തുന്നു. ഇപ്പോൾ ഈ ജനങ്ങൾ സാമ്പത്തികമായി ശാക്തീകരിക്കപ്പെട്ടിരിക്കുന്നു എന്നും അദ്ദേഹം കൂട്ടിച്ചേർത്തു. വലിയൊരു മാറ്റം കൊണ്ടുവരാൻ സാധിച്ചു എന്നുള്ളത് ഒരു വസ്തുതയാണ്.സ്ഥാപനമേധാവിക്ക് പാലക്കാട് പഞ്ചായത്ത് അംഗം കെ. വാസു നന്ദി രേഖപ്പെടുത്തി.പിന്നീട് ജില്ലാ പഞ്ചായത്ത് ആസ്ഥാനത്തേക്ക് പോകുകയും 6.30 ന് ജില്ലാ പഞ്ചായത്ത് ബോർഡ് മീറ്റിംഗ് ഹാളിൽ എത്തി. ശീതീകരിച്ച ഒരു മിനി നിയമസഭ ഹാൾ പോലെ ആയിരുന്നു. പ്രസിഡന്റിന്റെയും മറ്റ് ഭാരവാഹികളുടെയും ഇരിപ്പിടം വളരെ വലുതായിരുന്നു. പരിശീലനാർത്ഥികളുടെ കൂട്ടത്തിൽ വയനാട് ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീമതി ഉഷാകുമാരിക്ക് അവിടത്തെ ചേമ്പറിൽ ഇരിപ്പിടം ഒരുക്കുകയും ചെയ്തു. ജില്ലാ പഞ്ചായത്തിനെക്കുറിച്ചും പ്രവർത്തനത്തെക്കുറിച്ചും അക്കൗണ്ടന്റ് വളരെ സുദീർഘമായി പവർപോയിന്റിന്റെ സഹായത്തോടുകൂടി അവതരിപ്പിച്ചു. നമ്മുടെ ജില്ലാ പഞ്ചായത്തുകളിൽനിന്ന് വിഭിന്നമായി അവർ തന്നെ നേരിട്ട് പദ്ധതികൾ നടപ്പിലാക്കുന്നതെന്നും മനസ്സിലാക്കാൻ കഴിഞ്ഞു. വ്യത്യസ്തമായി ആർച്ച് ഡാമുകൾ ജില്ലാ പഞ്ചായത്ത് നടപ്പിലാക്കിയെന്നും അത് നമ്മുക്ക് പകർത്താമെന്നും എം. ജി.എൻ.ആർ.ഇ.ജി.എസി ന്റെ നടത്തിപ്പുകളെക്കുറിച്ച് വളരെ വിശദമായി കാര്യങ്ങൾ അവതരിപ്പിക്കുകയും ചെയതു. അവിടെ നിന്ന് 8 മണിക്ക് യാത്ര തിരിച്ച് രാത്രി 11 മണിയോടുകൂടി എൻ.ഐ.ആർ.ഡി കാമ്പസിൽ തിരിച്ചെത്തി.

ഹൈദ്രാബാദിലെ എൻ.ഐ.ആർ.ഡിയിലേക്കു പഠനസന്ദർശനത്തിനു പോയ
പാലക്കാട്- വയനാട് ജില്ലകളിൽനിന്നുള്ള ജില്ലാപഞ്ചയത്ത് ജനപ്രതിനിധികൾ

അടുത്ത ദിവസം രാവിലെ 9 മണിക്ക് തന്നെ പരിശീലനാർത്ഥികൾ കോൺഫറൻസ് ഹാളിൽ ഒത്തുകൂടുകയും ജനപ്രതിനിധികൾ, ഡോ.ജയലക്ഷ്മി, ഡോ.ഭാസ്ക്കർറാവു, ഡോ. പ്രത്യൂഷ പട്നായ്ക് എന്നിവരുമായി പരിശീലന വിലയിരുത്തലുകൾ പങ്കുവെക്കുകയും ചെയ്തു. കിലക്കുവേണ്ടി ഞങ്ങൾ നന്ദി രേഖപ്പെടുത്തി. ഗ്രൂപ്പ് ഫോട്ടോ സെഷൻ കഴിഞ്ഞ് എൻ.ഐ.ആർ.ഡിയുടെ വാഹനത്തിൽ ഞങ്ങളെ ഹൈദ്രാബാദ് നാമ്പള്ളി റയിൽവേ സ്റ്റേഷനിൽ എത്തിച്ചു. കൃത്യം 12.00 മണിക്ക് ശബരി എക്സ്പ്രസിൽ ഞങ്ങൾ നാട്ടിലേക്ക് മടങ്ങി, ഒരു പഠനസന്ദർശനം അതിന്റെ ലക്ഷ്യത്തലെത്തിയതിന്റെ സംതൃപ്തിയോടെ

പ്രതാപ് സിംഗ്
ട്രെയിനിംഗ് അസോസിയേറ്റ്, കില

ചോദിക്കൂ പറയാം

? നിലം നികത്തിയ ഭൂമിയിലെ കെട്ടിടനിർമ്മാണത്തിന് അനുമതി നൽകുമ്പോൾ പത്തു വർഷത്തേക്കു ഭൂമി കൈമാറ്റം ചെയ്യുകയോ ഉടമസ്ഥാവകാശം മാറ്റുകയോ ചെയ്യരുതെന്ന് വ്യവസ്ഥ ചെയ്യുന്നു. അപ്പോൾ ഈ ഭൂമി പണയപ്പെടുത്തി ബാങ്കിൽനിന്ന് വായ്പയെടുക്കുവാൻ കഴിയുകയില്ലേ?

● നികത്തിയ ഭൂമിയിൽ താമസാവശ്യത്തിനു വീടുവയ്ക്കാൻ മാത്രമാണ് അനുമതി നൽകുന്നത്. അപ്രകാരം അനുമതി നൽകുമ്പോൾ സർക്കാർ സർക്കുലർ(1663/ആർ.ഓ/1/2013 തീയതി 5.2.13) പ്രകാരം പത്തുവർഷത്തേക്കു ഉപയോഗക്രമം മാറ്റുകയോ ഉടമസ്ഥാവകാശം മാറ്റുകയോ ചെയ്യരുതെന്ന് വ്യവസ്ഥ ചെയ്യുന്നു. ഈ ഭൂമി ബാങ്കിൽ പണയം നൽകി വായ്പയെടുക്കുന്നതിനു തടസ്സമില്ലെന്നും പണയപ്പെടുത്തിയ ഭൂമി ജപ്തി നടപടി മൂലം ബാങ്കിനു കൈമാറുന്നതിനു തടസ്സമില്ലെന്നും സർക്കുലർ (നമ്പർ 67284/ആർ.എ/1/2013/തസ്വഭവ. തീയതി 18.2.14) വ്യക്തമാക്കുന്നുണ്ട്.

? ശാരീരിക-മാനസിക വൈകല്യമുള്ള കുട്ടികൾക്ക് ആനുകൂല്യം നൽകുമ്പോൾ ബഡ്സ് സ്കൂളിലെ ഓരോ കുട്ടിയും വൈകല്യത്തിന്റെ തോതു നിശ്ചയിച്ച് അർഹത തെളിയിക്കപ്പെടേണ്ടതുണ്ടോ?

● ഇല്ല. ബഡ്സ് സ്കൂളിൽ പഠിക്കുന്ന ശാരീരിക-മാനസിക വൈകല്യമുള്ള എല്ലാവർക്കും വൈകല്യത്തിന്റെ തോത് നോക്കാതെതന്നെ ആനുകൂല്യം വിതരണം ചെയ്യാവുന്നതാണ്.(സർക്കാർ ഉത്തരവ്(ആർ.ടി) നമ്പർ 550/14/തസ്വഭവ.തീയതി. 25.2.2014)

? 2013-14 വർഷത്തേക്കു അനുവദിച്ച വികസനഫണ്ട് തുക ചെലവഴിക്കാൻ കഴിയാതെ വന്നാൽ എന്തു ചെയ്യണം?

● പ്രോജകടുകൾ നടപ്പാക്കാൻ കഴിയാതെ തുക മിച്ചം വരുന്ന സാഹചര്യത്തിൽ അധികമായി വന്ന തുക സാമൂഹ്യസുരക്ഷമിഷന്റെ പ്രോജക്ടുകൾ നടപ്പിലാക്കുന്നതിനോ ഭവന വായ്പ തിരിച്ചടയ്ക്കുന്നതിനോ വെള്ളക്കര കുടിശ്ശിക അടച്ചുതീർക്കുന്നതിനോ വേണ്ടി ഉപയോഗിക്കാവുന്നതാണ്.(സർക്കാർ ഉത്തരവ്(എം.എസ്)നമ്പർ660/2014/തസ്വഭവ. തീയതി 5.3.2014)

? വീടുപുനരുദ്ധാരണത്തിനു പണം അനുവദിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തൊക്കെയാണ്? ഒരിക്കൽ പുനരുദ്ധാരണത്തിനു പണം നൽകിയാൽ പിന്നീട് എത്ര വർഷം കഴിഞ്ഞ് ആനുകൂല്യം നൽകാം?

● പുതിയ വീടു നിർമ്മിച്ച് ചുരുങ്ങിയത് ആറുവർഷം കഴിഞ്ഞശേഷമേ പുനരുദ്ധാരണത്തിനു ആനുകൂല്യം നൽകാൻ പാടുള്ളൂ. വാർഷികവരുമാനപരിധി 50,000 രൂപയ്ക്ക് വിധേയമായിട്ടുള്ളവർക്കാണ് ആനുകൂല്യത്തിനു അർഹത.എൽ.എസ്.ജി.ഡി എഞ്ചിനിയർ തരുന്ന വാല്യുവേഷന്റെ അടിസ്ഥാനത്തിലാണ് തുക നിശ്ചയിക്കേണ്ടത്. പരമാവധി 25,000 രൂപയാണ് ആനുകൂല്യം നൽകാവുന്നത്. (പട്ടികവർഗം 30,000) ഒരിക്കൽ പുനരുദ്ധാരണത്തിന് തുക നൽകിയാൽ പിന്നീട് എത്ര വർഷം കഴിഞ്ഞ് സഹായം നൽകാം എന്ന വ്യവസ്ഥ ചെയ്തിട്ടില്ലാത്തതിനാൽ അർഹത നോക്കി പിന്നീട് നൽകാവുന്നതാണ്. തുക ഭാര്യയുടേയും ഭർത്താവിന്റെയും പേരിൽ ബാങ്ക് അക്കൗണ്ടിലേക്കാണ് നൽകേണ്ടത്.

? സ്വയം തൊഴിലിന് ആസ്തികൾ എന്ന പേരിൽ മുനിസിപ്പാലിറ്റിയിൽ ഒരു പ്രോജക്ട് വച്ചിരിക്കുന്നു. പട്ടികജാതി വനിതകൾക്കുവേണ്ടി ഒരു വ്യവസായയൂണിറ്റിന് ആസ്തി സംഭരിക്കാൻ 28 ലക്ഷം രൂപയാണ് വക കൊള്ളിച്ചിരിക്കുന്നത്. ഈ പദ്ധതി എങ്ങനെ നടപ്പിലാക്കും.

● പന്ത്രണ്ടാംപഞ്ചവത്സരപദ്ധതിയുടെ ആസൂത്രണമാർഗ്ഗരേഖ(സർക്കാർ ഉത്തരവ്(എം.എസ്)നമ്പർ362/2013/തസ്വഭവ. തീയതി 16.11.13 സബ്സിഡി മാനദണ്ഡം ഖണ്ഡിക 3-7 (ബി) പ്രകാരം ഒരു യൂണിറ്റിനു പരമാവധി മൂന്നു ലക്ഷം രൂപയാണ് നൽകാവുന്നത്. അഞ്ചു പേരടങ്ങുന്ന സ്ത്രീകളുടെ മത്രം ഗ്രൂപ്പായിരിക്കണം.വായ്പബന്ധിത പ്രോജക്ടായിരിക്കണം. സബ്സിഡി തുക ബാങ്കിലേക്കാണ് നൽകേണ്ടത്. ഗ്രൂപ്പു രൂപീകരിച്ച് ആറു മാസം കഴിഞ്ഞ് ഗ്രേഡ് നടത്തിയിരിക്കണം. മറ്റേതെങ്കിലും ഏജൻസിയിൽനിന്ന് സബ്സിഡി ലഭിച്ചവരാകരുത്. ഈ വ്യവസ്ഥകൾ നിർബന്ധമായും പാലിച്ചിരിക്കണം. 28 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ടെങ്കിൽ അർഹത മാനദണ്ഡം പരിശോധിച്ച് വാർഡ്സഭയിൽ അവതിരിപ്പിച്ച് മൂന്നു ലക്ഷം രൂപ വീതം ഓരോ സംഘങ്ങൾക്കും നൽകാവുന്നതാണ്.

? പതിനെട്ടംഗങ്ങളുള്ള പഞ്ചായത്തിൽ അവിശ്വാസപ്രമേയം വന്നിരിക്കുന്നു.എത്രപേർ അനുകൂലമായി വോട്ടു ചെയ്താൽ പ്രമേയം പാസ്സാകും?

● പഞ്ചായത്തിലേക്ക് തെരഞ്ഞെടുക്കപ്പെട്ട ആകെ അംഗങ്ങളിൽ (പഞ്ചായത്ത് രൂപീകരണ വിജ്ഞാപനത്തിലെ അംഗസംഖ്യ) ഭൂരിപക്ഷം അംഗങ്ങൾ അനുകൂലമായി വോട്ടുചെയ്താൽ അവിശ്വാസപ്രമേയം പാസ്സാകും (കേരള പഞ്ചായത്ത് രാജ് ആക്ട് 1994 വകുപ്പ് 157 (12)

? തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പ്രദേശത്തുള്ള വിദ്യാലയങ്ങളുടെ ഫിറ്റ്നസ് സാക്ഷ്യപത്രം നൽകുമ്പോൾ അതിനു ഫീസ് നൽകണമെന്നു പറയുന്നു. എവിടെയാണ് ഫീസ് നൽകേണ്ടത്? എങ്ങനെയാണ് അടയ്ക്കേണ്ടത്?

● തദ്ദേശസ്വയംഭരണവകുപ്പിലെ എഞ്ചിനിയറാണ് സ്കൂളിന്റെ ഫിറ്റനസ് സാക്ഷ്യപത്രം നൽകേണ്ടത്. അതിനുള്ള ഫീസ് സ്കൂൾ അധികൃതർ എൽ.എസ്.ജി.ഡി ഓഫീസിൽ ടി.ആർ. 5 രസീതുപ്രകാരം അടയ്ക്കേണ്ടതാണ്.പഞ്ചായത്തുകളിൽ ടി.തുക 0515-00-800-93 എന്ന ഹെഡ്ഡിലും മുനിസിപ്പാലിറ്റികളിൽ 0217-60-800-92 എന്ന ഹെഡ്ഡിലും ചലാൻ പ്രകാരം ട്രഷറിയിൽ തുക അടയ്ക്കുക.(സർക്കുലർ നമ്പർ 23058/ഡി.ബി2/10 തസ്വഭവ.തീയതി 6.5.2010)

? സാമൂഹ്യസുരക്ഷിതത്വപെൻഷൻ നൽകുമ്പോൾ അപേക്ഷകന്റെ അപേക്ഷിച്ച തീയതിയോ അനുവദിച്ച് തീരുമാനമെടുത്ത തീയതിയോ ഏതാണ് പരിഗണിക്കേണ്ടത്?

● സാമൂഹ്യസുരക്ഷിതത്വപെൻഷന് അപേക്ഷിച്ച തീയതിമുതൽ പെൻഷൻ ലഭിക്കാൻ അപേക്ഷകനു അർഹതയുണ്ട്. ആയതിനാൽ പെൻഷൻ അനുവദിക്കുമ്പോൾ അപേക്ഷിച്ച തീയതി മുതൽ നൽകണം.(ജി.ഒ (എം.സ്) 602/2013. സാ.നീ.വ. തീയതി 9.12.2013)

ചോദ്യങ്ങൾക്ക് മറുപടി

പഞ്ചായത്ത് നിയമവുമായി ബന്ധപ്പെട്ട എല്ലാ സംശയങ്ങൾക്കും ബന്ധപ്പെടുക. കില ഹെൽപ്ഡെസ്ക്. ഫോൺ നമ്പർ-0487 2204097

അറിവിനെ അടിസ്ഥാനമാക്കിയുള്ള വ്യവസായവികസനം വേണം: കെ.എം.ചന്ദ്രശേഖർ

പരിസ്ഥിതിയേയും ജൈവവൈവിധ്യങ്ങളേയും സംരക്ഷിച്ചുകൊണ്ടുള്ള വികസനവും അറിവിനെ അടിസ്ഥാനമാക്കിയുള്ള വ്യവസായവികസനവുമാണ് സംസ്ഥാനത്തിന് അനുയോജ്യമെന്ന് സംസ്ഥാന ആസൂത്രണ ബോർഡ് വൈസ് ചെയർമാൻ കെ.എം.ചന്ദ്രശേഖർ പറഞ്ഞു. ടൂറിസവും സംസ്ക്കാരവും സംയോജിപ്പിച്ചുകൊണ്ടുള്ള പദ്ധതികൾക്ക് വലിയ സാധ്യതകളാണ് കേരളത്തിലുള്ളത്. മികച്ച ആസൂത്രണത്തിലൂടേയും പിഴവില്ലാത്ത നിർവ്വഹണത്തിലൂടേയും ഈ മേഖലയിൽ ഇടപെടലുണ്ടായാൽ വലിയ തൊഴിൽ സാധ്യതകളും സാമ്പത്തിക ഉയർച്ചയും ഉണ്ടാകും. കിലയുടെ നേതൃത്വത്തിൽ നിയോജകമണ്ഡലത്തിന്റെ സുസ്ഥിരവും സമഗ്രവുമായ വികസനത്തിന് നടത്തുന്ന ഈ ആസൂത്രണ പ്രക്രിയ ദേശീയതലത്തിൽ ശ്രദ്ധയാകർഷിച്ചിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു. കിലയുടെ ആഭിമുഖ്യത്തിൽ വിഷൻ 2030-നെ അടിസ്ഥാനമാക്കിയുള്ള സംസ്ഥാനത്തെ ആദ്യത്തെ വികസന സെമിനാർ മുവ്വാറ്റുപുഴയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. മുതിർന്ന പൗരന്മാരുടെ അവകാശങ്ങൾ ഉറപ്പാക്കുന്നതോടൊപ്പം അവരെ വികസനപ്രക്രിയയിൽ പങ്കാളികളാക്കുകയും ചെയ്യുന്ന പദ്ധതികൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷികപദ്ധതിയിൽ മുന്തിയ പരിഗണന നൽകണം. ജോസഫ് വാഴയ്ക്കൻ എം.എൽ.എ. അദ്ധ്യക്ഷത വഹിച്ചു. ഈ വികസന പദ്ധതികളിൽ നിന്നുള്ള ഏതെങ്കിലും പദ്ധതി മികച്ചരീതിയിൽ ഏറ്റവും ആദ്യമായി ഏറ്റെടുത്ത് പൂർത്തിയാക്കുന്ന ഗ്രാമപഞ്ചായത്തുകൾക്ക് എം.എൽ.എ. പ്രത്യേക പുരസ്ക്കാരങ്ങൾ നൽകുന്നതാണെന്ന് പ്രഖ്യാപിച്ചു.ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകളിൽനിന്നുള്ള ജനപ്രതിനിധികളും ഉദ്യോഗസ്ഥന്മാരും വിവിധരാഷ്ട്രീയ-സാമൂഹ്യ-സാംസ്ക്കാരികമേഖലകളിലെ പ്രമുഖരുമുൾപ്പെടെ 300 പേർ സെമിനാറിൽ സംബന്ധിച്ചു.

സംസ്ഥാനത്തെ പൈതൃകസംരക്ഷണത്തിനു കിലയിൽ സംഘടിപ്പിച്ച വിദഗ്ദ്ധരുടെ കൂട്ടായ്മ

പൈതൃകസംരക്ഷണത്തിനു കില മുൻകൈ എടുക്കുന്നു

സംസ്ഥാനത്തെ പൈതൃകസംരക്ഷണത്തിനു തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ സഹകരണത്തോടെ വിപുലമായ പരിപാടിക്ക് രൂപം നൽകാൻ കില മുൻകൈ എടുക്കുന്നു.ഇൻടാക്കിന്റെ(ഇന്ത്യൻ നാഷ്ണൽ ട്രസ്റ്റ് ഫോർ ആർട് ആന്റ് കൾച്ചറൽ ഹെറിറ്റേജ്) സഹകരണത്തോടെയാണ് പദ്ധതിക്കു രൂപം നൽകുന്നത്. ഇതുമായി ബന്ധപ്പെട്ട് വിദഗ്ദ്ധർ പങ്കെടുത്ത പ്രാഥമിക ചർച്ചകൾ കിലയിൽ നടന്നു. ഇൻടാക്ക് തൃശ്ശൂർ ചാപ്റ്റർ ഭാരവാഹികളായ ഡോ.ഈശ, കെ. വേണു, എം.എം.വിനോദ്കുമാർ എന്നിവർക്കു പുറമെ അജിത് വെണ്ണിയൂർ (തിരുവനന്തപുരം), അനിൽകുമാർ (കണ്ണൂർ), ദിവാകരൻ (തളിപ്പറമ്പ്), റോയ് മാത്യു (നിലമ്പൂർ), ഡോ. സണ്ണി ജോർജ്, പി.വി. രാമകൃഷ്ണൻ തുടങ്ങിയവർ പങ്കെടുത്തു. കില ഡയറക്ടർ ഡോ. പി.പി. ബാലൻ അദ്ധ്യക്ഷനായിരുന്നു. സംസ്ഥാനതലത്തിൽ വിദഗ്ദ്ധരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള വിപുലമായ ശിൽപ്പശാല സംഘടിപ്പിക്കുന്നതിനും തീരുമാനിച്ചു.അതിനു മുമ്പ് സംരക്ഷിക്കപ്പെടേണ്ട പൈതൃക കേന്ദ്രങ്ങൾ കണ്ടെത്തുന്നതിനു സർവേ നടത്തും.

അധികാരവികേന്ദ്രീകരണത്തെക്കുറിച്ച് കഴിഞ്ഞ വർഷം കില സംഘടിപ്പിച്ച അന്താരാഷ്ട്ര കോൺഫറൻസിലെ പ്രബന്ധങ്ങളുടെ സമാഹാരമടങ്ങിയ പുസ്തകത്തിന്റെ പ്രകാശനം കേന്ദ്രമന്ത്രി **കെ.വി.തോമസിന്** നൽകിക്കൊണ്ട് കേന്ദ്രമനുഷ്യവകാശ കമ്മീഷൻ അംഗം ജസ്റ്റിസ് **സിറിയക് ജോസഫ്** നിർവ്വഹിക്കുന്നു.

കിലയിൽ ചേർന്ന യൂണിസെഫ്-സി.ആർ.സി അവലോകനയോഗം

കിലയിലെ ചൈൽഡ് റിസോഴ്സ് സെന്ററിന് യൂണിസെഫ് സഹായം തുടരും

കിലയിൽ പ്രവർത്തിച്ചുവരുന്ന ചൈൽഡ് റിസോഴ്സ് സെന്ററിനു അടുത്ത മൂന്നുവർഷത്തേക്കുകൂടി സാമ്പത്തികസഹായം നൽകാൻ യൂണിസെഫ് തീരുമാനിച്ചു. കഴിഞ്ഞ മൂന്നു വർഷത്തെ പ്രവർത്തനങ്ങൾ വിലയിരുത്താൻ കിലയിൽ ചേർന്ന അവലോകനയോഗത്തിനുശേഷമാണ് തീരുമാനം. ചൈൽഡ് റിസോഴ്സ് സെന്ററിന്റെ പ്രവർത്തനങ്ങളുടെ ഫലപ്രാപ്തി നിർണ്ണയിക്കുന്നതിന് യൂണിസെഫ് സംഘം മുണ്ടത്തക്കോട് ഗ്രാമപഞ്ചായത്ത് സന്ദർശിക്കുകയുണ്ടായി. കുട്ടികൾക്കുവേണ്ടി പഞ്ചായത്ത് ഏർപ്പെടുത്തിയ മെന്റൽ ഹെൽത്ത് പരിപാടി, അന്യസംസ്ഥാന തൊഴിലാളികളുടെ കുട്ടികൾക്കായുള്ള ഇടപെടൽ, സ്കൂൾ കുട്ടികൾക്കായുള്ള കോഴികുഞ്ഞുവിതരണം, കാർഷിക വിത്തുവിതരണം, അങ്കണവാടി കുട്ടികളുടെ സംയോജിത ശിശുദിനാഘോഷം തുടങ്ങിയവയെക്കുറിച്ച് പഞ്ചായത്ത് അധികൃതരുമായി ചർച്ച നടത്തുകയും പരിണിത ഫലങ്ങൾ വിലയിരുത്തുകയും ചെയ്തു.

യൂണിസെഫ് ചെന്നൈ യൂണിറ്റ് മേധാവി ഡോ. സതീഷ്കുമാർ, ഡോ.അകില, ഡോ.നാഗരാജ് (ഏഷ്യൻ സ്കൂൾ ഓഫ് ജേർണലിസം), ഡോ.കെ.ആർ. ആന്റണി തുടങ്ങിയവർ അവലോകനയോഗത്തിൽ പങ്കെടുത്തു. കില ഡയറക്ടർ ഡോ.പി.പി.ബാലൻ ആമുഖപ്രഭാഷണം നടത്തി. സി.ആർ.സി. ചീഫ് ഡോ.പീറ്റർ എം.രാജ്, കൺസൽട്ടന്റ് കെ.എൽ. സുധാമണി, എം.ജി.കാളിദാസൻ എന്നിവർ സംസാരിച്ചു. കില ഡെപ്യൂട്ടി ഡയറക്ടർ ജോസ്നമോൾ, അക്കൗണ്ട്സ് ഓഫീസർ ആർ. ഗിരീജാദേവി എന്നിവർ സന്നിഹിതരായിരുന്നു.

കിലയിലെ കോൺഫ്രൻസ് ഹാളുകൾക്ക് പുതിയ പേരുകൾ

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പരിശീലനകേന്ദ്രമായ കിലയിലെ ഒമ്പതു കോൺഫ്രൻസ് ഹാളുകൾക്ക് പഞ്ചായത്ത് രാജ്-നഗരപാലിക നിയമവുമായി ബന്ധപ്പെട്ട പേരുകൾ നൽകി. ഗ്രാമസ്വരാജ്ഹാൾ, ഗ്രാമസഭാഹാൾ, വാർഡ്സഭാഹാൾ, നഗരോദയഹാൾ, ഗ്രാമോദയഹാൾ, ഊരുകൂട്ടം ഹാൾ, നാട്ടുകൂട്ടം ഹാൾ, അശോക മേത്ത ഹാൾ, ബൽവന്തറായ് മേത്ത ഹാൾ എന്നിവയാണവ. പഞ്ചായത്ത് രാജ് സംവിധാനം ഏർപ്പെടുത്തുന്നതിന്റെ മുന്നോടിയായി കേന്ദ്രസർക്കാർ നിയമിച്ച രണ്ടു കമ്മീഷനുകളുടെ തലവന്മാരായിരുന്നു അശോക് മേത്തയും ബൽവന്തറായ് മേത്തയും.

KILA News letter Published By Dr. P. P. Balan, Director, Kerala Institute of Local Administration, Mulankunnathukavu (P.O) Thrissur-680581
(for private circulation only)